**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3419** **04-08-2021 - ൽ മറുപടിയ്ക്ക്**

**കള്ള് ഷാപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര കള്ള് ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; പ്രവർത്തിക്കാത്ത ഷാപ്പുകൾ എത്രയെന്നും അതിന്റെ കാരണവും വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ആകെയുള്ള 5170 കള്ളുഷാപ്പുകളിൽ 4840 കള്ളുഷാപ്പുകൾ വില്പന നടത്തുകയോ, നടത്തിപ്പവകാശം തൊഴിലാളി കമ്മറ്റികളെ ഏൽപ്പിക്കുകയോ ചെയ്തിട്ടുണ്ട്. 330 കള്ളുഷാപ്പുകൾ ലൈസൻസ് ചെയ്ത് പ്രവർത്തിക്കുന്നില്ല. കള്ളുഷാപ്പുകൾ വില്പനയിൽ പോകാതിരുന്നതിനാലും, ലൈസൻസികൾക്കെതിരെ അബ്കാരി കേസ് രജിസ്റ്റർ ചെയ്തത് കാരണം ലൈസൻസ് റദ്ദ് ചെയ്തതിനാലുമാണ് പ്രസ്തുത ഷാപ്പുകൾ പ്രവർത്തിക്കാത്തത്. |
| (ബി) | വിൽപ്പനയിൽ പോകാത്ത കള്ള് ഷാപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | മുഴുവൻ റെന്റൽ തുകയ്ക്കും വില്പനയിൽ പോകാതിരുന്ന കള്ളുഷാപ്പുകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ 50% റെന്റൽ തുകയ്ക്ക് വില്പന നടത്തുന്നതിനും, ബാക്കി കള്ളുഷാപ്പുകളുടെ നടത്തിപ്പവകാശം തുടർന്ന് തൊഴിലാളി കമ്മിറ്റികളെ ഏൽപ്പിക്കുവാനും ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ആകെ 4840 കള്ളുഷാപ്പുകൾ വില്പന നടത്തിയിട്ടുള്ളതും, ബാക്കിയുള്ളവയിൽ പരമാവധി എണ്ണം ഡി.എം. വ്യവസ്ഥയിൽ നടത്തുന്നതിനും, ലൈസൻസ് റദ്ദ് ചെയ്ത കള്ളുഷാപ്പുകളുടെ പുനർവില്പന നടത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രവർത്തനരഹിതമായ കള്ള് ഷാപ്പുകളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതു മുതൽ എല്ലാ വർഷവും ഓണക്കാലത്ത് കള്ളുവ്യവസായ മേഖലയിലെ തൊഴിൽരഹിതരായ ചെത്ത്, വില്പന തൊഴിലാളികൾക്ക് ധനസഹായം നൽകി വരുന്നുണ്ട്. ഈ വർഷവും സർക്കാർ ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ